KSEB
N.S. PILLAI, IA & AS
Chairman & Managing Director

**ഡി.ഒ. നമ്പർ (സി.എം.ഡി)/ 105/ കോവിഡ് -19/2020 തീയതി 25.03.2020**

**പ്രിയ സഹപ്രവർത്തകരെ,**

'കോവിഡ് - 19' മഹാമാരിയുടെ വ്യാപനംമൂലം ലോകമാകെ ഒരു മഹാദുരന്തത്തിന്റെ വക്കിലാണ്. ചൈനയിലെ വുഹാൻ പ്രവിശ്യയിൽ നിന്നും പൊട്ടിപ്പുറപ്പെട്ട് ലോകമാസകലം പടർന്ന് ഇപ്പോൾ നമ്മുടെ രാജ്യത്തിന്റേയും സംസ്ഥാനത്തിന്റേയും പ്രധാന ആരോഗ്യ സാമ്പത്തിക പ്രശ്നമായി അത് മാറിയിരിക്കുന്നു. ലോകത്താകമാനം അനേകായിരം മനുഷ്യർ ഇതിനകം തന്നെ മരണത്തിന് കീഴടങ്ങികഴിഞ്ഞു. നമ്മുടെ രാജ്യത്തും ദിനംപ്രതി 'കോവിഡ് - 19' മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഈ ഭീഷണി നേരിടുന്നതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിതാന്തപരിശ്രമത്തിലാണ്.

'കോവിഡ് - 19' വിപത്ത് നേരിടുന്നതിനായി നമ്മുടെ രാജ്യം അടുത്ത 21 ദിവസത്തേയ്ക്ക് സമ്പൂർണ്ണ അടച്ചുപൂട്ടൽ നടപടികളിലേയ്ക്ക് നീങ്ങികഴിഞ്ഞു. ഈ സാംക്രമിക രോഗത്തിന്റെ വ്യാപനം തടയുന്നതിനും പ്രതിരോധിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രതിരോധ നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഈ ഉദ്യമത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിനും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുവാനുണ്ട്. ജീവനക്കാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും ആവശ്യമായ അവബോധം വളർത്തുവാൻ വേണ്ട നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വീകരിച്ചുകഴിഞ്ഞു.

ജീവനക്കാരുടെ സുരക്ഷ മുൻനിർത്തി, പൊതുജനങ്ങളുമായി നിരന്തരസമ്പർക്കം വേണ്ടിവരുന്ന മീറ്റർ റീഡിംഗ്, ക്യാഷ് കളക്ഷൻ ജോലികൾ ഇതിനകം തന്നെ നിർത്തിവച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ മുന്നിൽകണ്ട് പണം അടയ്ക്കുന്നതിന് ആവശ്യമായ സാവകാശം അനുവദിക്കുകയും, പിഴപ്പലിശ / ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ താല്ക്കാലികമായി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും തടസ്സം ഇല്ലാതെ അപകടരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി ജീവനക്കാരുടെ ഡ്യൂട്ടി സമയവും വിന്യാസവും ക്രമീകരിച്ചുകൊണ്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾക്കും ചികിത്സയ്ക്കും വൈദ്യുതി കണക്ഷൻ വേണ്ടുന്ന ഇടങ്ങളിൽ അടിയന്തിരമായി കണക്ഷൻ ലഭ്യമാക്കേണ്ടതും വൈദ്യുതി വിതരണം മുടക്കമില്ലാതെ നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും പരമപ്രധാനമാണ്.

മുൻ വർഷങ്ങളിൽ ഉണ്ടായ മഹാപ്രളയങ്ങളെ തുടർന്ന് തകർന്നുപോയ നമ്മുടെ വൈദ്യുതി വിതരണ ശൃംഖല പുനർനിർമ്മിക്കുവാനും വൈദ്യുതി വിതരണം പുനസ്ഥാപിക്കുവാനും നമ്മുടെ ജീവനക്കാർ നൽകിയ സംഭാവന സ്തുത്യർഹമാണ്. നിലവിലുള്ള ജീവനക്കാരിൽ ഒരു വിഭാഗത്തെ മാത്രം ആശ്രയിച്ച് ദൈനംദിന പ്രവൃത്തികൾ നിർവഹിക്കേണ്ടിവരുമ്പോൾ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് എനിക്ക് പൂർണ്ണബോദ്ധ്യമുണ്ട്. ഈ പ്രതിസന്ധിഘട്ടത്തിൽ എല്ലാ ജീവനക്കാരും അവരവരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി, 'കോവിഡ് - 19' മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ടും സുരക്ഷ ഉറപ്പാക്കിക്കൊണ്ടും ജനങ്ങൾക്ക് തടസ്സം കൂടാതെ സുരക്ഷിതമായ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുവാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ തുടർന്നുള്ള ദൗത്യങ്ങളിൽ നിങ്ങളിൽ എന്റെ പൂർണ്ണവിശ്വാസം അർപ്പിച്ചുകൊണ്ട് നിങ്ങളുടെ ആത്മാർത്ഥമായ സേവനം ഒരിക്കൽ കൂടി അഭ്യർത്ഥിച്ച് കൊണ്ട് നിർത്തുന്നു.

വിശ്വസ്തതയോടെ,

നിങ്ങളുടെ സ്വന്തം

എൻ.എസ്.പിള്ള